**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - തൃശ്ശൂർ ജില്ല- അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി പിങ്കി പ്രഹ്ലാദ സിംഗ്- വൈകി സർവീസിൽ പ്രവേശിച്ച കാലയളവ് പ്രവേശന കാലാവധിയായി കണക്കാക്കി സാധൂകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.**1026/2026/LSGD** തീയതി,തിരുവനന്തപുരം, **17-05-2026**

---

പരാമർശം:-

1. **28.10.2020**ലെ സ ഉ (അച്ചടി)നം.**15/2020**/ഉഭപവ
2. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ **03.10.2025**ലെ **LSGD/JD/TSR/2016/2024-A6** നമ്പർ നടപടിക്രമം
3. തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ **22.10.2025** ലെ **LSGD/JD/TSR/2016/2024-A6** നമ്പർ നടപടിക്രമങ്ങൾ
4. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ **12.11.2025**ലെ **SJD/4861/2025-E3 (part1)** നമ്പർ കത്ത്
5. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **14.01.2026**ലെ **LSGD/PD/36700/2025-DEC4** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി പിങ്കി പ്രഹ്ലാദ സിംഗ് രണ്ട് ദിവസം വൈകി സേവനത്തിൽ പ്രവേശിച്ച നടപടി സാധൂകരിക്കണമെന്ന് ആവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(5)** പ്രകാരം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

**2.** പരാമർശം **(2)** പ്രകാരം ശ്രീമതി. പിങ്കി പ്രഹ്ലാദ സിംഗ്-ന് , തൃശൂർ ജില്ലയിൽ അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയിരുന്നു . തുടർന്ന് സേവനത്തിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകുന്നതിനുള്ള ടിയാളടെ അപേക്ഷയുടെ

അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ടിയാളുടെ പ്രവേശന കാലാവധി 16/11/2025 തീയതി വരെ ദീർഘിപ്പിച്ചിരുന്നു. എന്നാൽ ടിയാൾ അപ്പോൾ ജോലി ചെയ്തിരുന്ന സാമൂഹ്യ നീതി വകുപ്പിൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് വരുന്നതിനാൽ ടിയാളെ വിടുതൽ ചെയ്യിക്കുന്നതിന് 2 ആഴ്ച്ച സമയം കൂടി ആവശ്യമുള്ളതായി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറെ അറിയിച്ചു.

3.പരാമർശം (1) - ലെ ഖണ്ഡിക (Viii) പ്രകാരം, നിയമനാധികാരിക്ക് നിയമന ഉത്തരവ് മുതൽ പരമാവധി 2 മാസം (60 ദിവസം) വരെ പ്രവേശന കാലാവധി ദീർഘിപ്പിച്ച് നൽകാമെന്ന് പരാമർശിച്ചിട്ടുള്ളതിനാൽ ശ്രീമതി പിങ്കി പ്രഹ്ലാദ സിംഗ് -ന്റെ പ്രവേശന കാലാവധി 01/12/2025 തീയതി 60 ദിവസം പൂർത്തികരിക്കുന്ന സാഹചര്യത്തിൽ ടിയാളെ 01/12/2025 തിയതിക്കകം സേവനത്തിൽ പ്രവേശിക്കത്തക്ക വിധം ആ വകുപ്പിലെ സേവനത്തിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് സാമൂഹിക നീതി വകുപ്പ് ഡയറക്ടറോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ശ്രീമതി. പിങ്കി പ്രഹ്ലാദ സിംഗ് - നെ 03/12/2025 തീയതി പൂർവ്വാഹ്നത്തിൽ മാത്രമാണ് സാമൂഹ്യ നീതി വകുപ്പിൽ നിന്ന് വിടുതൽ ചെയ്തിട്ടുള്ളത് എന്നതിനാൽ അന്നേ ദിവസം അപരാഹ്നത്തിൽ മാത്രമാണ് ടിയാൾ സേവനത്തിൽ പ്രവേശിക്കുന്നതിന് തൃശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഹാജരായിട്ടുള്ളത്. ടിയാളെ മാനുഷിക പരിഗണന നൽകി അന്നേ ദിവസം തന്നെ (03/12/2025 ) അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ സേവനത്തിൽ പ്രവേശിപ്പിച്ചിരുന്നു.

4.മേൽ പരാമർശിച്ച കാരണങ്ങളാൽ ശ്രീമതി. പിങ്കി പ്രഹ്ലാദ സിംഗ് നിലവിലുള്ള ഉത്തരവുകളിലെ നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് 2 ദിവസം മാത്രം വൈകി സേവനത്തിൽ പ്രവേശിച്ചത് അനുഭാവപൂർവം പരിഗണിച്ച് ആയതിന് സാധൂകരണം അനുവദിക്കണമെന്നാണ് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത് .

5.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. പിങ്കി പ്രഹ്ലാദ സിംഗിന് പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിന് 60 ദിവസം വരെ പ്രവേശന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുകയും, ടിയാളെ 01/12/2025 തീയതിക്കുള്ളിൽ സേവനത്തിൽ പ്രവേശിക്കത്തക്ക വിധത്തിൽ ടിയാൾ ജോലി ചെയ്തിരുന്ന സാമൂഹ്യ നീതി വകുപ്പിനോട് ആവശ്യപ്പെട്ടുവെങ്കിലും, സാമൂഹ്യ നീതി വകുപ്പ് ടിയാളെ സേവനത്തിൽ നിന്ന് വിടുതൽ ചെയ്തത് 03/12/2025 തീയതിയിലാണെന്നും, അന്നെ ദിവസം പൂർവ്വാഹ്നത്തിൽ ടിയാൾ പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തതിട്ടുണ്ട്. ടിയാൾ തന്റെതല്ലാത്ത കാരണത്താലാണ് 01/12/2025 തീയതിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കുവാൻ കഴിയാതെ പോയത്. യഥാസമയം ടിയാളെ സേവനത്തിൽ നിന്ന് വിടുതൽ ചെയ്യേണ്ടത് സാമൂഹ്യ നീതി വകുപ്പിന്റെ ഉത്തരവാദിത്വമായിരുന്നു.

6.ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ പരാമർശം (2) പ്രകാരം നിയമിക്കപ്പെട്ട ശ്രീമതി പിങ്കി പ്രഹ്ലാദ സിംഗ്, പ്രവേശന കാലാവധി അവസാനിച്ച തീയതിക്ക് ശേഷം 2 ദിവസം വൈകി സർവീസിൽ പ്രവേശിച്ചതിനാൽ, ടി 2 ദിവസം പ്രവേശന കാലാവധിയായി കണക്കാക്കി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തൃശ്ശൂർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി,അന്തിക്കാട് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീമതി.പിങ്കി പ്രഹ്ളാദ സിംഗ് , ക്ലർക്ക് , അന്തിക്കാട് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.10/ഇപിഎ1/2026-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 18-05-2026 12:12:58
സെക്ഷൻ ഓഫീസർ